## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 106

14.06.2012-ലെ
മറുപടിക്ക്.

### സ്കൂൾ പഠന സമയം

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ സംസ്ഥാനത്ത് സ്കൂൾ അദ്ധ്യയന സമയം നിലവിൽ എപ്രകാരമാണ്; | : | ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ എന്നിവയിൽ ഗ്രാമപ്രദേശങ്ങളിൽ 10 മണിമുതൽ 4 മണിവരേയും, പട്ടണങ്ങളിൽ 9.30 മുതൽ 3.30വരേയും ആണ് സ്ക്കൂളുകളുടെ പ്രവൃത്തി സമയം. വെള്ളിയാഴ്ച ദിവസങ്ങളിൽ കെ.ഇ.ആർ.ന്റെ നിബന്ധന അനുസരിച്ച് ഉച്ചയ്ക്കുള്ള ഇടവേള 12.30 മുതൽ 2.30 വരെയാണ് നൽകിയിട്ടുള്ളത്. വെള്ളിയാഴ്ച ദിവസങ്ങളിൽ 9.30 മുതൽ 4.30 വരെയാണ് പ്രവർത്തി സമയം കെ.ഇ.ആർ നിർദ്ദേശിച്ചിരിക്കുന്നത്. |
| ബി ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്കൂളുകളുടെ പഠന സമയത്തിൽ പ്രകടമായ വ്യത്യാസം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | : | പ്രകടമായ വ്യത്യാസം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| സി സ്കൂളുകളുടെ സമയക്രമത്തിൽ മാറ്റം വേണമെന്നത് സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഡി സ്കൂളുകളിലെ പഠനസമയം വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണകരമാകുന്ന വിധത്തിൽ പുനഃക്രമീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | | സ്ക്കൂളുകളുടെ നിലവിലുള്ള സമയ ക്രമത്തെക്കുറിച്ച് കാര്യമായ ആക്ഷേപങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള സമയക്രമം വിദ്യാർത്ഥികൾക്ക് പൊതുവെ ഗുണകരമാണെന്നാണ് സർക്കാർ കരുതുന്നത്. |

സെക്ഷൻ ഓഫീസർ